**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2140** **06-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട അവയവവുമായി ആംബുലൻസ് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെത്തിയിട്ടും വൃക്ക സൂക്ഷിച്ചിരുന്ന പെട്ടി വാങ്ങാൻ ആരും ഉണ്ടായിരുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | **തിരുവനന്തപുരം മെഡിക്കൽ കോളേജിലെ തന്നെ രണ്ടു സീനിയർ റസിഡന്റ് ഡോക്ടർമാരാണ് വൃക്ക ഏറ്റെടുക്കാനായി ആംബുലൻസിൽ രാജഗിരി ആശുപത്രിയിലേക്ക് പോയത്. അവയവം എടുക്കാൻ പോകുന്ന മെഡിക്കൽ സംഘം തന്നെയാണ് അവയവുമായി ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് പോകാറുള്ളത്. മെഡിക്കൽ കോളേജിൽ വൃക്ക അടങ്ങിയ ഓർഗൻ ബോക്സ് എത്തിച്ചതു രണ്ടു സീനിയർ റസിഡന്റുമാരായിരുന്നു. എന്നാൽ ആംബുലൻസിൽ നിന്നും അവയവം അടങ്ങിയ ബോക്സുമായി ജീവനക്കാരല്ലാത്ത ചിലർ ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് പോകുന്ന ദൗർഭാഗ്യകരമായ സംഭവം ഉണ്ടായി. ഈ സാഹചര്യങ്ങളെ കുറിച്ചുള്ള വിശദമായ അന്വേഷണം നടന്നു വരുന്നു.** |
| (ബി) | ആലുവയിൽ നിന്നും വൃക്കയുമായി ആംബുലൻസ് വരുന്ന കാര്യം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അറിയിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | **വൃക്കയുമായി ആംബുലൻസ് എത്തുന്ന വിവരം ആശുപത്രിയിൽ അറിയിച്ചിരുന്നു.** |
| (സി) | വൃക്ക ഏറ്റുവാങ്ങാൻ മെഡിക്കൽ കോളേജിൽ ആരുമില്ലാതിരുന്നതിനാൽ പുറത്തു നിന്നെത്തിയവർ വൃക്ക അടങ്ങിയ പെട്ടിയെടുത്ത് ഓടി എന്ന് പറയപ്പെടുന്നത് ഗൗരവമുള്ള വീഴ്ചയല്ലേ; വിശദമാക്കാമോ; | (സി) | **തിരുവനന്തപുരം മെഡിക്കൽ കോളേജിലെ തന്നെ രണ്ടു സീനിയർ റസിഡന്റ് ഡോക്ടർമാരാണ് വൃക്ക ഏറ്റെടുക്കാനായി ആംബുലൻസിൽ രാജഗിരി ആശുപത്രിയിലേയ്ക്ക് പോയത്. അവയവം എടുക്കാൻ പോകുന്ന മെഡിക്കൽ സംഘം തന്നെയാണ് അവയവവുമായി ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് പോകാറുള്ളത്. എന്നാൽ ആംബുലൻസിൽ നിന്നും അവയവം അടങ്ങിയ ബോക്സുമായി ജീവനക്കാരല്ലാത്ത ചിലർ ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് പോകുന്ന ദൗർഭാഗ്യകരമായ സംഭവം ഉണ്ടായി. ഈ സാഹചര്യങ്ങളെക്കുറിച്ചുള്ള വിശദമായ അന്വേഷണം നടന്നു വരുന്നു.** |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | **അന്വേഷണ റിപ്പോർട്ട് പരിശോധിച്ചശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ